"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് - 2021-22 വാർഷിക പദ്ധതിയായ "പ്ലാന്റേഷൻ പത്താം ബ്ലോക്കിന്റെ അഴുക്കുചാൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും" എന്ന പ്രവൃത്തിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.551/2022/LSGD തീയതി,തിരുവനന്തപുരം, 08-03-2022

---

പരാമർശം:- (1) അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.06.2021-ലെ 1/5 നമ്പർ തീരുമാനം.

(2) എറണാകുളം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ 16.10.2021-ലെ 90674/21/ഡിപിസി/ഡിപിഒ/ഇകെഎം/സിസി/439 നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ന് നടന്ന (ഓൺലൈൻ) യോഗത്തിലെ തീരുമാനം നമ്പർ 4.19.

**<u>ഉത്തരവ്</u>**

അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ "പ്ലാന്റേഷൻ പത്താം ബ്ലോക്കിൽ അഴുക്കുചാൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും" (പ്രോജക്ട് നമ്പർ 117/22) എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. പ്ലാന്റേഷൻ കോർപ്പറേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളോട് ചേർന്നുള്ള അഴുക്കുചാൽ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ടി പ്രോജക്ടിന്റെ നിർവ്വഹണം പ്ലാന്റേഷൻ പ്രദേശത്തായതിനാൽ സർക്കാർ അനുമതി കൂടി ലഭ്യമാക്കുന്നതിനായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി തേടുന്നതിന് പഞ്ചായത്ത് കമ്മിറ്റി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

(2) പരാമർശം (2)-ലെ കത്ത് പ്രകാരം എറണാകുളം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടർ മേൽ വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

(3) 10.02.2022-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി മേൽ വിഷയം പരിഗണിക്കുകയും, തീരുമാനം നമ്പർ 4.19 പ്രകാരം തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി ആയതിനാൽ അനുമതി

നൽകാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10.02.2022-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.19 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അയ്യംമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "പ്ലാന്റേഷൻ പത്താം ബ്ലോക്കിൽ അഴുക്കുചാൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും" (പ്രോജക്ട് നമ്പർ 117/22) എന്ന പദ്ധതിയ്ക്ക് തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി ആയതിനാൽ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ഡെപ്യൂട്ടിസെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & ജില്ലാ കളക്ടർ, എറണാകുളം.
പഞ്ചായത്ത് സെക്രട്ടറി, അയ്യംപുഴ ഗ്രാമ പഞ്ചായത്ത്.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.